**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 385** **19-03-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണങ്ങളിൽ നിന്നും ആദിവാസികൾക്ക് സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗ ശല്യം രൂക്ഷമായ സാഹചര്യത്തിൽ ആദിവാസികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | വന്യമൃഗ ശല്യം രൂക്ഷമായ മേഖലകളിൽ പട്ടിക വർഗ്ഗക്കാരുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി സോളാർ ഫെൻസിങ്, കിടങ്ങുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടി വനം വകുപ്പുമായി ചേർന്ന് സ്വീകരിച്ചു വരുന്നു. കൂടാതെ രാത്രി കാല സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയും, അനെർട്ട് മുഖേനയും, എം പി ലാഡ്സ് പദ്ധതി പ്രകാരം വിവിധ ബ്ലോക്ക് പഞ്ചായത്തുകൾ മുഖേനയും വഴി വിളക്കുകൾ ഉന്നതികളിൽ സ്ഥാപിച്ചു വരുന്നു. ആദിവാസി പുനരധിവാസ മേഖലകളിൽ ടി.ആർ.ഡി.എം. ഫണ്ട് ഉപയോഗിച്ചും സുരക്ഷ ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സോളാർ ഫെൻസിംഗ്, ആറളം പുനരധിവാസ മേഖലയിൽ ആന പ്രതിരോധ മതിൽ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ആവശ്യമായ ഇടങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. വന വിഭവങ്ങൾ ശേഖരിക്കുന്നതിനും, കാർഷിക തൊഴിലുകളിൽ ഏർപ്പെടുന്നതിനും വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ എത്തുന്നതിനും വന്യമൃഗങ്ങൾ സൃഷ്ടിക്കുന്ന സംഘർഷ മേഖലകൾ മനസ്സിലാക്കി പ്രതിരോധ പ്രവർത്തനം ഏറ്റെടുക്കുന്നതിനുള്ള സേഫ്റ്റി മാപ്പിംഗ് വനംവകുപ്പുമായി ചേർന്ന് നടത്തുന്നതാണ്. |
| (ബി) | ആദിവാസികളുടെ വാസസ്ഥലങ്ങൾക്ക് ചുറ്റും ട്രഞ്ചും വൈദ്യുത വേലികളും നിർമ്മിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ആദിവാസികളുടെ വാസസ്ഥലങ്ങൾക്ക് ചുറ്റും ട്രഞ്ചും വൈദ്യുത വേലികളും നിർമ്മിക്കുന്നതിന് വനം വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു. ആദിവാസി പുനരധിവാസ മേഖലകളിൽ ആവശ്യമായ ഇടങ്ങളിൽ വനം വകുപ്പ് മുഖേന ട്രഞ്ച് |

| | | | |
|---|---|---|---|
| | | | **നിർമ്മിക്കുന്നതിനും ആദിവാസി പുനരധിവാസ വികസന മിഷന്റെ ഫണ്ട് ഉപയോഗിച്ച് വൈദ്യുതി വേലികൾ, ആന മതിൽ എന്നിവ നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (സി) | ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് സ്കൂളിൽ പോകുന്നതിനും മറ്റും സുരക്ഷിത വഴികൾ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | **പട്ടിക വർഗ്ഗ മേഖലകളിലെ കുട്ടികൾക്ക് സുരക്ഷിതമായി സ്കൂളിൽ പോകുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് വിദ്യാവാഹിനി പദ്ധതി നടപ്പിലാക്കുന്നു. അത്തരത്തിൽ സൗകര്യം ഒരുക്കുന്നതിനോടൊപ്പം വകുപ്പിന്റെ MRS ഹോസ്റ്റലിൽ താമസസൗകര്യം നൽകി സ്കൂളിൽ പോകുന്നതിന് സൗകര്യം ഒരുക്കുന്നു.** |

സെക്ഷൻ ഓഫീസർ